LIBRARY ARCHIVES Kerala Legislative Assembly

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

37 (1508) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വൈക്കം നിയോജക മണ്ഡലത്തിന്റെ പരിധിയിൽ 2015-16 കാലയളവിൽ എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളും തിരിച്ച് വിശദീകരിക്കുമോ;

(ബി) തൊഴിലാളികൾക്ക് ഇതുവരെയുള്ള പ്രതിഫലം കൊടുത്തു തീർത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നുവരെയുള്ള കുടിശ്ശിക നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) നടപ്പ് സാമ്പത്തിക വർഷം ഏതെങ്കിലും പുതിയ മേഖലയെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വൈക്കം നിയോജക മണ്ഡലത്തിന്റെ പരിധിയിലുള്ള ഗ്രാമ പഞ്ചായത്തുകളിൽ 2015-16 കാലയളവിൽ സൃഷ്ടിച്ച തൊഴിൽ ദിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

പഞ്ചായത്തിന്റെ പേര്	തൊഴിൽ ദിനങ്ങൾ
ചെമ്പ്	44745
മറവൻതുരുത്ത്	46839
തലയാഴം	59661
ടി.വി.പുരം	24821
ഉദയനാപുരം	85100
വെച്ചൂർ	43604
ആകെ	304770

(ബി) 10-10-2015 വരെയുള്ള കുടിശ്ശിക കൊടുത്തുതീർത്തിട്ടുണ്ട്. തുടർന്നുള്ള കുടിശ്ശിക കേന്ദ്ര സർക്കാർ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് കൊടുത്തുതീർക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ഇല്ല.